നിങ്ങളിൽ ഏറ്റവും നല്ലവർ നിങ്ങളിൽ ഏറ്റവും നല്ല
സ്വഭാവമുള്ളവരാണ്
അബ്ദുല്ലാഹി ബ്നു അംറ് -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- അശ്ലീലം പറയുന്നവരോ
മോശത്തരം കാണിക്കുന്നവരോ ആയിരുന്നില്ല. അവിടുന്ന് പറയുമായിരുന്നു: "നിങ്ങളിൽ
ഏറ്റവും നല്ലവർ നിങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരാണ്."
[صحيح] [متفق عليه]
മോശമായ സംസാരമോ പ്രവർത്തനങ്ങളോ നബി -صلى الله عليه وسلم- യുടെ സ്വഭാവങ്ങളിൽ പെട്ടതായിരുന്നില്ല.
അവിടുന്ന് അത് ഉദ്ദേശ്യത്തോടെ പറയുകയോ, കൽപ്പിച്ചുണ്ടാക്കി പറയുകയോ
ചെയ്യാറുണ്ടായിരുന്നില്ല. മഹത്തരമായ സ്വഭാവത്തിൻ്റെ ഉടമയായിരുന്നു അദ്ദേഹം. നബി -صلى الله عليه وسلم-പറയുമായിരുന്നു: "അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ഠതയുള്ളവർ നിങ്ങളിൽ ഏറ്റവും നല്ല
സ്വഭാവമുള്ളവരാണ്." ജനങ്ങൾക്ക് നന്മ ചെയ്യലും, മുഖപ്രസന്നത കാത്തുസൂക്ഷിക്കലും,
ഉപദ്രവങ്ങൾ തടയലും, ഉപദ്രവമേറ്റാൽ ക്ഷമിക്കലും, ജനങ്ങളോട് മനോഹരമായി ഇടപഴകലും അതിൽ
പെട്ടതാണ്.
https://sunnah.global/hadeeth/ml/show/5803